കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് ജില്ല – പെരുമണ്ണ ഗ്രാമപഞ്ചായത്ത് -ഗവ. ഇ.എം.എസ് ഹൈസ്കൂൾ കെട്ടിട വാടക കുടിശിക - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാടക കുടിശിക നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം1412/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/05/2017

---

പരാമർശം:- 1) സ.ഉ.(എം.എസ്) 205/07/പൊവിവ തീയതി 27.11.2007.

2) ബഹു. കോഴിക്കോട് മുൻസിഫ് I കോടതി 30.11.2015 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.

3) അഡ്വ. പി.ടി.എ റഹിം എം.എൽ.എ യുടെ 09.03.2017 ലെ T-62/2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ. ഇ.എം.എസ് ഹൈസ്കൂൾ അനുവദിക്കുകയും പ്രസ്തുത ഉത്തരവിൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം പഞ്ചായത്ത് ഒരുക്കി നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു. 01.10.2010 മുതൽ ഇ.എം.എസ് ഹൈസ്കൂൾ ശ്രീ.പി.മുഹമ്മദ് കോയ പറമ്പിൽ പീടിക എന്നവരുടെ ഉടമസ്ഥതയിലുള്ള കൂടുതൽ സൗകര്യപ്രദമായ 8/509, A,B,C,D,E നമ്പർ ഉൾപ്പെടുന്ന കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച വാടക 20135/- രൂപയാണ്. 30.09.2013 വരെ ഈ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചതിനുള്ള വാടക കുടിശിക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമ സമർപ്പിച്ച പരാതിയിൻമേൽ പരാമർശം (2) പ്രകാരം വാടക കുടിശികയായ 724860/- രൂപയും 6% പലിശ തുക 130475/- രൂപയും ചേർത്ത് മൊത്തം 855335/- രൂപ നൽകുന്നതിന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

അഡ്വ. പി.ടി.എ. റഹിം എം.എൽ .എ പരാമർശം (3) പ്രകാരം ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ ഗവ. ഇ.എം.എസ് ഹൈസ്കൂളിന്റെ വാടക കുടിശികയായ 724860/- രൂപയും 6% പലിശ തുക 130475/- രൂപയും ചേർത്ത് മൊത്തം 855335/- രൂപ (എട്ടു ലക്ഷത്തി അൻപത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തി അഞ്ചു രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**വി.കെ.ബേബി.**

സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, പെരുമണ്ണ. പി.ഒ, കോഴിക്കോട്.

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.